പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1866 — 11.02.2020 ൽ മറുപടിക്ക്

## അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ജനങ്ങൾക്കും ശബരിമല തീർത്ഥാടകർക്കും ഏറെ പ്രയോജനം ചെയ്യുന്ന അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇതേവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | അങ്കമാലി - ശബരി റെയിൽ പദ്ധതിയ്ക്കായി എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. അങ്കമാലി - ശബരി സെക്ടറിലെ കാലടി റെയിൽവേ സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പെരുമ്പാവൂർ, കുവപ്പടി, വെങ്ങൂർ വെസ്റ്റ്, അശമന്നൂർ, രായമംഗലം, ചേലാമറ്റം എന്നീ വില്ലേജുകളിലെ 40.40.08 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള SIA പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച വിവരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും, ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. എരമല്ലൂർ, മുളവൂർ, വെള്ളൂർകുന്നം, മൂവാറ്റുപുഴ, കോതമംഗലം, മാഞ്ഞല്ലൂർ എന്നീ വില്ലേജുകളിലെ 87.23.40 ഹെക്ടർ ഭൂമിയുടെ SIA പഠനം നടത്തുന്നതിലേക്കായി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ അതിരുകല്ല് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ സ്ഥാപിച്ചിട്ടില്ല.<br>കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നു. ഇതിൽ രാമപുരം - എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റു വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വെ നടപടികൾ റെയിൽവെ അധികൃതർ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ നിന്നും റെയിൽവേ മന്ത്രാലയം പിന്നാക്കം പോയതായി സർക്കാർ കരുതുന്നുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും കത്തുകളോ, കുറിപ്പുകളോ സംസ്ഥാന സർക്കാരിന് ലഭിക്കുകയുണ്ടായിട്ടുണ്ടോ; | (ബി) യും (സി) യും | അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചിലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചിലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.<br>പ്രധാന മന്ത്രിയുടെ "പ്രഗതി" സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിയ്ക്കാവശ്യമായ ഭൂമിയുടെ വിലയിൽ ഉണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.<br>ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നു. ആയതിനാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും 1997-98 ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ റെയിൽവേ വഹിക്കണമെന്ന് ബഹു. മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | ഇപ്പോൾ പദ്ധതി നടത്തിപ്പിന് എത്ര തുക വേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ തുക എങ്ങനെ കണ്ടെത്തുനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ഇതിനായി ഇതേവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | | |
| (ഡി) | പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടമായി എരുമേലിയിൽ നിന്നും പുനലൂർ വഴി കൊല്ലത്തേക്ക് റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | പുനലൂർ വഴി കൊല്ലത്തേയ്ക്ക് ഈ റെയിൽവേ ലൈൻ നീട്ടുന്നത് സംബന്ധിച്ച ശുപാർശ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ